## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1495 — 13.06.2014 ലെ മറുപടിയ്ക്ക്

## ഓണാട്ടുകര പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സ്വാമിനാഥൻ കമ്മീഷൻ ശുപാർശ പ്രകാരം തയ്യാറാക്കിയ ഓണാട്ടുകര പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | **(എ)** 07.01.2011 ൽ ഓണാട്ടുകരയിൽ സംഘടിപ്പിച്ച മഹാനാട്ടുകൂട്ടത്തിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളും നിർദ്ദേശങ്ങളും സമന്വയിപ്പിച്ച് സ.ഉ.(എംഎസ്)നം.40/11/കൃഷി തീയതി, 07.02.2011 പ്രകാരം കൃഷി വകുപ്പ്, എസ്.എച്ച്.എം., വി.എഫ്.പി.സി.കെ തുടങ്ങിയ വിവിധ ഏജൻസികൾ മുഖേനയും, സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികളിൽ നിന്നുള്ള ഫണ്ട് സമന്വയിപ്പിച്ച് ഓണാട്ടുകര കാർഷിക വികസന പാക്കേജ് എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി. ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കര നെൽകൃഷി പ്രോത്സാഹനം<br>2. പച്ചക്കറി കൃഷി പ്രോത്സാഹനം<br>3. എള്ള് കൃഷി<br>4. ഇഞ്ചി, മഞ്ഞൾ എന്നീ കൃഷി വ്യാപനം<br>5. തെങ്ങ് കൃഷി വികസനം<br>6. വാഴ മറ്റ് ഫലവർഗ്ഗ വികസനം<br>7. ജൈവകൃഷി<br>8. കാർഷിക യന്ത്രവൽക്കരണം<br>9. കാർഷിക സേവന കേന്ദ്രങ്ങൾ<br>10. പരിശീലനം<br>11. കാവും, കുളങ്ങളും സംരക്ഷിക്കൽ |
| **(ബി)** എത്ര കോടി രൂപയുടെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | **(ബി)** കൃഷി വകുപ്പ് എസ്.എച്ച്.എം, വി.എഫ്.പി.സി.കെ. തുടങ്ങിയ വിവിധ ഏജൻസികൾ മുഖേനയും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ നിന്നുള്ള ഫണ്ട് സമന്വയിപ്പിച്ച് ഓണാട്ടുകര മേഖലയിൽ 5 വർഷം കൊണ്ട് നടപ്പിലാക്കുന്ന 13025 ലക്ഷം രൂപയുള്ള പദ്ധതിക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | കൃഷി വകുപ്പ് എസ്.എച്ച്.എം, വി.എഫ്.പി. സി.കെ. എന്നിവരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ഈ പാക്കേജിൽ പറയുന്ന പദ്ധതികൾക്കൊന്നും പ്രത്യേകമായി ഫണ്ട് ലഭിച്ചിട്ടില്ല. |
| (ഡി) | ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | നെൽകൃഷി, എള്ള്കൃഷി, വികസനത്തിനായി ഓണാട്ടുകര വികസന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഏജൻസി മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 322.087 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. തരിശുഭൂമി കൃഷി 961.66 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി (ഹെക്ടറിന് 9000/-) 86.55 ലക്ഷവും, പാടശേഖരങ്ങളിലെ ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 129.257 ലക്ഷവും, നെൽകൃഷി ഉല്പാദനോപാദികൾക്ക് 31.82 ലക്ഷവും പാടശേഖരങ്ങളിൽ നിന്നും അധികം വെള്ളം പമ്പ് ചെയ്ത് മാറ്റുന്നതിലേക്ക് 4.69 ലക്ഷവും, യന്ത്രവൽക്കരണത്തിന് 20.09 ലക്ഷവും, പുറംബണ്ട് ബലപ്പെടുത്തുന്നതിന് 23.59 ലക്ഷവും എള്ള് കൃഷിയ്ക്ക് 26.09 ലക്ഷവും വിതരണം ചെയ്തു. |
| (ഇ) | ഓണാട്ടുകര പാക്കേജ് പ്രവർത്തനങ്ങളിൽ കുളങ്ങളുടെ നവീകരണവും സംരക്ഷണവും ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ഇ) | ഓണാട്ടുകര പാക്കേജിൽ കാവും കുളങ്ങളും സംരക്ഷണം എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) | മാവേലിക്കര മണ്ഡലത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന കുളങ്ങളുടെ ലിസ്റ്റും തുകയും വ്യക്തമാക്കുമോ; | (എഫ്) & (ജി) | കൃഷി വകുപ്പ് മുഖാന്തിരം പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| (ജി) | നിലവിൽ നിർദ്ദേശിച്ചിട്ടുള്ള കുളങ്ങൾ ഏതൊക്കെ? | | |

സെക്ഷൻ ഓഫീസർ